# മധുരമായ കുട്ടികളേ, നിങ്ങൾക്ക് ആരോടും തന്നെ കൂടുതൽ വാഗ്വാദം ചെയ്യേണ്ടതില്ല, കേവലം ബാബയുടെ പരിചയം സർവ്വർക്കും നൽകൂ.

**ചോദ്യം:-** പരിധിയില്ലാത്ത അച്ഛന് ഒന്നാനമ്മയുടെ കുട്ടികളുണ്ട് അതുപോല തന്നെ രണ്ടാനമ്മയുടെ കുട്ടികളുമുണ്ട്, ഒന്നാനമ്മയുടെ കുട്ടികൾ ആരാണ്?

**ഉത്തരം:-** ബാബയുടെ ശ്രീമതമനുസരിച്ച് നടക്കുന്നവർ, പവിത്രതയുടെ രാഖി ഉറപ്പായി കെട്ടിയിട്ടുള്ളവർ, ഞങ്ങൾ പരിധിയില്ലാത്ത ആസ്തി എടുത്തുകൊണ്ടിരിക്കും എന്ന് നിശ്ചയബുദ്ധിയുള്ള കുട്ടികൾ ഒന്നാനമ്മയുടെ കുട്ടികളാണ്. രണ്ടാനമ്മയുടെ കുട്ടികൾ മൻമത്തനുസരിച്ച് നടക്കുന്നു, ചിലപ്പോൾ നിശ്ചയം, ചിലപ്പോൾ സംശയം, പ്രതിജ്ഞ എടുത്തിട്ട് പോലും ഉപേക്ഷിക്കുന്നു. ബാബയുടെ ഓരോ കാര്യത്തേയും അംഗീകരിക്കുക എന്നത് ഒന്നാനമ്മയുടെ കുട്ടികളുടെ കർത്തവ്യമാണ്. ബാബ ആദ്യത്തെ നിർദ്ദേശം നല്കുന്നു- മധുരമായ കുട്ടികളെ, ഇപ്പോൾ പ്രതിജ്ഞയുടെ സത്യമായ രാഖി കെട്ടൂ, വികാരത്തിന്റെ ഭാവനയെ സമാപ്തമാക്കു.

**ഗീതം:-** ഉണരൂ പ്രിയതമകളേ ഉണരൂ.........

**ഓം ശാന്തി**. കുട്ടികൾക്ക് ഗീതത്തിന്റെ അർത്ഥം മനസിലായി. പുതിയ സൃഷ്ടി, പുതിയ യുഗവും പഴയ സൃഷ്ടി, പഴയ യുഗവും. പഴയ സൃഷ്ടിക്ക് ശേഷം പുതിയ സൃഷ്ടി വരുന്നു. പരമപിതാ പരമാത്മാവാണ് പുതിയ സൃഷ്ടി രചിക്കുന്നത്. ആ പരമാത്മാവിനെ ഈശ്വരനെന്നോ, പ്രഭു എന്നോ വിളിക്കാം എന്നാൽ തീർച്ചയായും പേര് പറയണം. പ്രഭു എന്ന് മാത്രം പറഞ്ഞാൽ ആരോട് യോഗം വെയ്ക്കും, ആരെ ഓർമ്മിക്കും? പ്രഭുവിന് നാമ, രൂപ, ദേശ, കാലങ്ങളൊന്നും ഇല്ലെന്ന് മനുഷ്യർ പറയുന്നു. അല്ലയോ കുട്ടികളേ, ബാബയുടെ ശിവനെന്ന നാമം ഭാരതത്തിൽ പ്രശസ്തമാണ്, ബാബയുടേതാണ് ശിവരാത്രി ആഘോഷിക്കുന്നത്, ശിവനെ അച്ഛൻ എന്ന് വിളിക്കുന്നു. ബാബയുടെ പരിചയം ഉണ്ടെങ്കിലേ ബാബയോട് ബുദ്ധിയോഗം വയ്ക്കാൻ സാധിക്കൂ. ആരോടെങ്കിലും കൂടുതൽ വാഗ്വാദം ചെയ്യുന്നത് പ്രയോജനമില്ലാത്ത കാര്യമാണ്. ഏറ്റവും ആദ്യം പരിധിയില്ലാത്ത ബാബയുടെ പരിചയം നൽകണം. ബാബ മനുഷ്യസൃഷ്ടി എങ്ങനെ, എപ്പോൾ, എങ്ങനെയുള്ളതാണ് രചിക്കുന്നത്. ലൗകീക അച്ഛനെയാണെങ്കിൽ സത്യയുഗം മുതൽ കലിയുഗ അന്ത്യംവരെ ലഭിച്ചുകൊണ്ടേയിരിക്കുന്നു. എന്നിട്ടും പാരലൗകീക പിതാവിനെ ഓർമ്മിക്കുന്നു. ബാബ പരംധാമത്തിൽ വസിക്കുന്ന പിതാവാണ്. പരംധാമം സ്വർഗ്ഗമാണെന്ന് ഒരിക്കലും കരുതരുത്. സത്യയുഗം ഇവിടുത്തെ ധാമമാണ്. പരമപിതാ പരമാത്മാവും ആത്മാക്കളും നിവസിക്കുന്ന ഇടമാണ് പരംധാമം. സർവ്വ ആത്മാക്കളുടെയും അച്ഛൻ സ്വർഗത്തിന്റെ രചയിതാവാണെങ്കിൽ പിന്നെ എന്തുകൊണ്ട് കുട്ടികൾക്ക് സ്വർഗത്തിന്റെ രാജ്യാധികാരം ഇല്ല. അതെ, സ്വർഗത്തിന്റെ ചക്രവർത്തി പദവി തീർച്ചയായും ഏതോ സമയത്ത് ഉണ്ടായിരുന്നു. പുതിയ ലോകം, പുതിയ യുഗം ഉണ്ടായിരുന്നു. ഇപ്പോൾ പഴയ ലോകം, പഴയ യുഗമാണ്. ബാബ സ്വർഗം രചിച്ചിരുന്നു, ഇപ്പോൾ നരകമായിരിക്കുകയാണ്. നരകം ആരാണ് ഉണ്ടാക്കിയത്, എപ്പോൾ ഉണ്ടാക്കി? മായാ രാവണനാണോ നരകം ഉണ്ടാക്കിയത്? ഭാരതവാസികൾക്ക് ഈ ജ്ഞാനം കൊടുക്കാൻ വളരെ സഹജമാണ്. കാരണം ഭാരതവാസികളാണ് രാവണനെ കത്തിക്കുന്നത്, അർത്ഥം മാത്രം മനസ്സിലാക്കുന്നില്ല. ഭക്തരെല്ലാവരും ഭഗവാനെ ഓർമ്മിക്കുന്നു എന്നാൽ ഭഗവാനെകുറിച്ച് അറിയാത്തതുകാരണം ഭഗവാൻ സർവ്വവ്യാപിയാണെന്ന് പറയുന്നു. നാമ രൂപത്തിൽ നിന്ന് വേറിട്ടതാണ്, അന്ത്യമില്ലാത്തതാണെന്ന് പറയുന്നു. ഭഗവാന്റെ അന്ത്യം കണ്ടെത്താൻ സാധിക്കില്ല എന്ന് കരുതി എല്ലാ മനുഷ്യരും പ്രതീക്ഷ ഇല്ലാത്തവരും തണുത്തമട്ടുള്ളവരായി. ഇങ്ങനെ തണുത്തവരാകുക തന്നെ വേണം കാരണം എങ്കിലേ ബാബ വരേണ്ട, സ്വർഗം രചിക്കേണ്ട സമയം വരൂ. ഇപ്പോൾ ബാബ പറയുന്നു: ഞാൻ വീണ്ടും വന്നിരിക്കുന്നു. ഭക്തർക്ക് ഭഗവാനിൽ നിന്ന് തീർച്ചയായും ഫലം ലഭിക്കും. ഭഗവാന് ഇവിടെ വന്ന് തന്നെ ഫലം നല്കണം കാരണം എല്ലാവരും പതീതരാണ്. അവിടെ പതിതർക്ക് പോകുവാൻ സാധിക്കില്ല അതുകൊണ്ട് എനിക്ക് വരേണ്ടിവരുന്നു. എന്നെ ആഹ്വാനം ചെയ്യുന്നു. ഭക്തർക്ക് ഭഗവാനെ വേണം. ഭഗവാനിൽ നിന്ന് എന്ത് ലഭിക്കും? മുക്തി ജീവൻമുക്തി. സർവ്വർക്കും നല്കില്ല, ആരാണോ പരിശ്രമിക്കുന്നത് അവർക്ക് നല്കും. ഇത്രയും കോടികണക്കിന് ആത്മാക്കൾ എന്താ ആസ്തി നേടുമോ? ആരെങ്കിലും വരുകയാണെങ്കിൽ പറയൂ: ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, ഞങ്ങൾ അനുഭവികളാണ്. നമ്മൾക്കിപ്പോൾ ഭഗവാനെ അന്വേഷിച്ച് കണ്ടെത്താൻ സാധിക്കില്ല. ഭഗവാന് തന്റേതായ സമയത്ത് വരണം. ഞങ്ങളും മുമ്പ് ഒരുപാട് പ്രയത്നിച്ചു എന്നാൽ ലഭിച്ചില്ല. ജപ-തപം, തീർത്ഥാടനം തുടങ്ങിയവ ചെയ്തു, ഒരുപാട് അന്വേഷിച്ചു എന്നാൽ ലഭിച്ചില്ല.

ഭഗവാന് തന്റേതായ സമയത്ത് പരംധാമത്തിൽ നിന്ന് വരണം. ആദി സനാതന ദേവീ ദേവതകൾക്ക് 84 ജന്മങ്ങൾ എടുക്കേണ്ടിവരുന്നു. 5 വർണ്ണങ്ങൾ പ്രശസ്തമാണ്. ഇപ്പോൾ ശൂദ്ര വർണ്ണം, അതിന് ശേഷം ബ്രാഹ്മണവർണ്ണം. വർണ്ണങ്ങളെ കുറിച്ചും നല്ല രീതിയിൽ മനസ്സിലാക്കികൊടുക്കണം. വിരാട രൂപത്തിലും വർണ്ണങ്ങളുണ്ട്. ബ്രാഹ്മണരുടെയും വർണ്ണമുണ്ട്, അവർക്കറിയില്ല. അതുകൊണ്ട് ആദ്യമാദ്യം ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെന്നും ഞങ്ങൾ ബ്രഹ്മാകുമാർ കുമാരികളാണെന്നുമുള്ള പരിചയം നല്കണം. ബാബ വന്ന് ബ്രാഹ്മണരെ രചിക്കുമ്പോൾ നാം ദേവതകളാകുന്നു. പ്രജാപിതാ ബ്രഹ്മാവെന്ന പേരുണ്ട്. ബ്രഹ്മാവിന്റെ വായിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. ബ്രഹ്മാവിന്റെ അച്ഛനാണ് ശിവബാബ. അപ്പോൾ ഇത് ഈശ്വരന്റെ കുലമാണ്. കൃപലാനി കുലം, വാസ്വാനി കുലം ഉള്ളപോലെ ഇപ്പോൾ നിങ്ങളുടേത് ഈശ്വരീയ കുലമാണ്. നിങ്ങൾ ബാബയുടെ സന്താനങ്ങളാണ്. നിങ്ങൾ പവിത്രതയുടെ പ്രതിജ്ഞ എടുത്തിട്ടുള്ള സത്യമായ ബ്രാഹ്മണരാണ്. എല്ലാവരും കുട്ടികളാണ് എന്നാൽ അതിൽ ചിലർ ഒന്നാനമ്മയുടെ കുട്ടികളാണ്. ചിലർ രണ്ടാനമ്മയുടെ കുട്ടികളാണ്. പവിത്രതയുടെ രാഖി കെട്ടിയിട്ടുള്ളവരാണ് ഒന്നാനമ്മയുടെ കുട്ടികൾ. രാഖി കെട്ടുന്ന ആഘോഷമുണ്ടല്ലോ, എല്ലാം ഈ സംഗമയുഗത്തിലെ കാര്യങ്ങളാണ്. ദസറയും സംഗമയുഗത്തിലെയാണ്. വിനാശത്തിന് ശേഷം ഉടൻ ദീപാവലി വരുന്നു, സർവ്വരുടേയും ജ്യോതി തെളിയുന്നു. കലിയുഗത്തിൽ എല്ലാവരുടേയും ജ്യോതി അണഞ്ഞിരിക്കുന്നു.

ബാബയെ തോണിക്കാരൻ, പൂന്തോട്ടക്കാരൻ എന്നും വിളിക്കുന്നു. ബ്രഹ്മാ, വിഷ്ണു, ശങ്കരനെ തോണിക്കാരൻ, പൂന്തോട്ടക്കാരൻ എന്നു വിളിക്കില്ല. ബാബ വന്ന് തന്റെ പൂന്തോട്ടത്തിൽ തന്റെ കുട്ടികളെ കാണുന്നു. അതിൽ ചിലർ റോസാ പുഷ്പമാണ്, ചിലർ ചെമ്പകമാണ്, ചിലർ ലില്ലി പുഷ്പമാണ്. ഓരോരുത്തരിലും ജ്ഞാനത്തിന്റെ സുഗന്ധമുണ്ട്. നിങ്ങൾ ഇപ്പോൾ മുള്ളിൽ നിന്നും പുഷ്പമാകുന്നു. ഇത് മുൾക്കാടാണ്. എത്ര വഴക്ക്, കൊള്ളയും കൊലയുമൊക്കെയാണ് കാരണം സർവ്വരും നാസ്തികരാണ്, അനാഥരാണ്. അവർക്ക് മതം നല്കി നാഥന്റേതാക്കൻ നാഥനില്ല. നാഥനെ ആർക്കും അറിയില്ല. അപ്പോൾ നാഥന് തീർച്ചയായും വരേണ്ടി വരുമല്ലോ. അതുകൊണ്ട് ബാബ വന്ന് സനാഥരാക്കുന്നു. ഒരു ധർമ്മം, ഒരു രാജ്യമാകണം, പവിത്രതയുമുണ്ടാകണം എന്ന് മനുഷ്യർ ആഗ്രഹിക്കുന്നു. സത്യയുഗത്തിൽ ഒരു ധർമ്മമായിരുന്നില്ലേ. ഇപ്പോൾ ദുഃഖധാമമാണ്. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണവർണ്ണത്തിലേക്ക് മാറിയിരിക്കുന്നു. ശേഷം ദേവതാ വർണ്ണത്തിലേക്ക് പോകും. പിന്നീട് ഈ പതീത സൃഷ്ടിയിലേക്ക് വരില്ല. ഭാരതം ഏറ്റവും ഉയർന്ന ഖണ്ഡമാണ്. അഥവാ ഗീത വായിക്കുന്നില്ലായെങ്കിൽ ഇതിനെ ഭാരതം എന്ന് ആര് വിളിക്കും. ശിവന്റെ ക്ഷേത്രത്തിൽ പോകാറില്ലേ. അത് പരിധിയില്ലാത്ത അച്ഛന്റെ ക്ഷേത്രമാണ് കാരണം ബാബ സദ്ഗതി ദാതാവാണ്. അനാഥരെ വന്ന് സനാഥരാക്കുന്നു. ഇക്കാര്യം ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിതരാൻ സാധിക്കില്ല. അതെല്ലാം ഭക്തി പഠിപ്പിക്കുന്നവരാണ്. അവിടെ ജ്ഞാനത്തിന്റെ കാര്യമില്ല. ജ്ഞാനസാഗരൻ സദ്ഗതി ദാതാവ് ഒന്നുമാത്രമാണ്. മനുഷ്യർക്ക് ഒരിക്കലും സദ്ഗതി നല്കുവാൻ, ഗുരുവാകാൻ സാധിക്കില്ല. എന്തെങ്കിലും കല പഠിപ്പിക്കുന്നവരെയും ഗുരുവെന്ന് പറയുന്നു. എന്നാൽ ആ ഗുരുവിന് മുഴുവൻ സൃഷ്ടിയുടെയും സദ്ഗതി ചെയ്യാൻ സാധിക്കില്ല. ഞങ്ങൾക്ക് സന്ന്യാസിമാരിൽ നിന്നൊക്കെ ശാന്തി ലഭിക്കുന്നു എന്ന് പറയുന്നു എന്നാൽ അല്പകാലത്തേക്കാണ്. സന്ന്യാസിമാർ പറയുന്നു: സ്വർഗത്തിലെ സുഖം കാക്ക കാഷ്ട സമാനമാണ്. എന്നാൽ സന്ന്യാസിമാരിലൂടെ ലഭിക്കുന്ന ശാന്തിയും കാക്ക കാഷ്ട സമാനമാണ്. മുക്തി നല്കാറില്ലല്ലോ. മുക്തി, ജീവൻ മുക്തി ദാതാവ് ഒരേ ഒരു ബാബയാണ്. ശ്രീകൃഷ്ണനോട് എല്ലാവർക്കും വളരെ സ്നേഹം ഉണ്ട് എന്നാൽ ശ്രീകൃഷ്ണനെ പൂർണ്ണമായും അറിയുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു, സത്യയുഗത്തിൽ കൃഷ്ണപുരി ആയിരുന്നു. ഇപ്പോൾ കംസപുരിയായിരിക്കുന്നു. ഇപ്പോൾ ബാബ വീണ്ടും വന്ന് കൃഷ്ണപുരി ഉണ്ടാക്കുന്നു. പിന്നെ പകുതി കല്പത്തിന് ശേഷം രാവണ രാജ്യം, നരകമുണ്ടാകുന്നു. പകുതി കല്പം സുഖം, പകുതി കല്പം ദുഃഖം. സുഖത്തിന്റെ സമയമാണ് കൂടുതൽ, സുഖ ദുഃഖത്തിന്റെ കളി നടന്നുകൊണ്ടിരിക്കുന്നു. ഇതിനെ സൃഷ്ടിചക്രമെന്ന് പറയുന്നു അഥവാ ജയ പരാജയത്തിന്റെ കളിയെന്ന് പറയുന്നു. ഞങ്ങൾ മോക്ഷം നേടുമെന്ന് സന്ന്യാസികൾ കരുതുന്നു എന്നാൽ മോക്ഷം നേടാൻ ആർക്കും സാധിക്കില്ല. ഈ രഹസ്യത്തെ ആർക്കും അറിയില്ല. മുക്തി, ജീവൻ മുക്തി ബാബയ്ക്കല്ലാതെ മറ്റാർക്കും നല്കാൻ സാധിക്കില്ല. നിങ്ങൾ നിങ്ങളുടെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയല്ലേ! ഇവിടെ നോക്കൂ ദുഃഖം തന്നെ ദുഃഖമാണ്. ഇപ്പോൾ നാം ബാബയുടെ സഹായത്താൽ സ്വർഗമുണ്ടാക്കി കൊണ്ടിരിക്കുന്നു, ശേഷം നാം അധികാരിയായി രാജ്യം ഭരിക്കും. ബാക്കി എല്ലാവരേയും മുക്തിധാമത്തിലേക്ക് അയക്കും. അവർ പിന്നെ തങ്ങളുടെ സമയത്ത് വരും. അവരും ഇറങ്ങുമ്പോൾ ആദ്യം സുഖത്തിലേക്ക് വരും പിന്നെ ദു:ഖത്തിലേക്ക് വരും. ഭക്തീമാർഗത്തിൽ ജപ-തപം, മാല ജപിക്കുക തുടങ്ങിയവ ചെയ്യാറുണ്ടല്ലോ. ഒന്നിനെ മാത്രം ഓർമ്മിക്കണം എന്ന് പറയാറുണ്ട്. ഇവിടെ ദേഹാഭിമാനത്തെ ഉപേക്ഷിക്കണം എന്നാൽ ചിലർ ഉപേക്ഷിക്കാറില്ല. ഇപ്പോൾ എല്ലാവർക്കും തിരിച്ച് മടങ്ങണം എന്ന് ബാബ പറയുന്നു. ബാബ

കുട്ടികളോടാണ് സംസാരിക്കുന്നത്. കുട്ടികളിൽ ചിലർ ഒന്നാനമ്മയുടെ കുട്ടികളാണ്, ചിലർ രണ്ടാനമ്മയുടെ കുട്ടികളാണ്. പവിത്രതയുടെ രാഖി കെട്ടാത്തവരാണ് രണ്ടാനമ്മയുടെ കുട്ടികൾ. ഞങ്ങൾ ആസ്തി എടുത്തിട്ടേ വിടൂ എന്ന് നിശ്ചയമുള്ളവർ ഒന്നാനമ്മയുടെ കുട്ടികളാണ്. ബാക്കി ചിലരൊക്കെ തോറ്റുപോകുന്നു. പാകമായവരും പാകമാകാത്തവരും സംഖ്യാക്രമത്തിലാണ്. പക്വമായവർ ഭാര്യ, കുട്ടികൾ തുടങ്ങി സർവ്വരേയും കൂട്ടികൊണ്ടു വരും, തനിക്ക് സമാനമാക്കും. ഹംസത്തിനും കൊക്കിനും ഒന്നിച്ചിരിക്കാൻ സാധിക്കില്ല. ബാബയുടെമേൽ വളരെ ഉത്തരവാദിത്വം ഉണ്ട്. സർവ്വരേയും പവിത്രമാക്കുക – ഇത് ബാബയുടെ ജോലിയാണ്. അതുകൊണ്ട് ബാബ പറയുന്നു: രണ്ട് ചക്രങ്ങളും ഒരുമിച്ച് പോകു. പതി പത്നി ഒരുമിച്ച് പോയാൽ വണ്ടി ശരിയായി പോകും. വരൂ നമ്മൾ രണ്ടു പേർക്കും പവിത്രതയുടെ ചരട് കെട്ടാം. ഇപ്പോൾ നാം പവിത്രമായി ബാബയിൽ നിന്ന് തീർച്ചയായും ആസ്തിയെടുക്കും. ബ്രഹ്മാവിന്റെ സന്താനങ്ങളായപ്പോൾ നാം സഹോദരീ സഹോദരനായി. പിന്നെ ക്രിമിനൽ കുറ്റം ഉണ്ടാകാൻ പാടില്ല. വികാരത്തിലേക്ക് പോകുവാൻ സാധിക്കില്ല. ഇത് ഈശ്വരീയ നിയമം പറയുന്നു. ഇപ്പോൾ ബാബ പറയുന്നു: വിഷം കുടിക്കുന്നതിനും കുടിപ്പിക്കുന്നതിനുമുള്ള മനോഭാവം ഇല്ലാതാക്കണം. നമ്മൾക്ക് ഓരോരുത്തരേയും ജ്ഞാനാമൃതം കുടിപ്പിക്കാം.
നമ്മൾക്കും ബാബയിൽ നിന്ന് സ്വർഗ്ഗത്തിന്റെ ആസ്തിയെടുക്കാം. ബാബ പറയുന്നത് അംഗീകരിക്കുക എന്നത് സൽപുത്രൻമാരായ കുട്ടികളുടെ കടമയാണ്. അംഗീകരിക്കാത്തവർ കുപുത്രൻമാരാണ്. കുപുത്രൻമാരായ കുട്ടികൾക്ക് ആസ്തി നല്കുന്നതിൽ ബാബ തീർച്ചയായും കേൾക്കാത്ത ഭാവം നടിക്കും. നിങ്ങൾ ബ്രാഹ്മണർ ദേവതകളാകുന്നവരാണ്, അതുകൊണ്ട് നിങ്ങൾ തന്റെ പത്നിയെയും ജ്ഞാനാമൃതം കുടിപ്പിക്കണം. ചെറിയ കുട്ടികളെ മൂക്കിന് പിടിച്ച് മരുന്ന് കുടിപ്പിക്കാറുണ്ട് അതുപോലെ പത്നിയോട് പറയു: പതിയായ ഞാൻ നിന്റെ ഗുരു ഈശ്വരനാണെന്ന് നീ അംഗീകരിക്കുന്നുണ്ടോ? എങ്കിൽ ഞാൻ തീർച്ചയായും നിന്റെ സദ്ഗതി ചെയ്യില്ലേ! പതിക്ക് പെട്ടെന്ന് പത്നിയെ തനിക്ക് സമാനമാക്കാൻ സാധിക്കും. പത്നിക്ക് പതിയെ പെട്ടെന്നാക്കാൻ സാധിക്കില്ല, അതുകൊണ്ടാണ് അബലകളുടെമേൽ വളരെ അത്യാചാരം ഉണ്ടാകുന്നത്. കുട്ടികൾക്ക് വളരെ അടികൊള്ളേണ്ടി വരുന്നു. ഗവൺമെന്റിനു പോലും നിങ്ങളെ രക്ഷിക്കാൻ സാധിക്കില്ല. ഞങ്ങൾക്കൊന്നും ചെയ്യാൻ സാധിക്കില്ല എന്ന് അവർ പറയും. കുട്ടികളേ ശ്രീമതമനുസരിച്ച് നടന്നാൽ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകുമെന്ന് ബാബ പറയും. അഥവാ കുപുത്രനായെങ്കിൽ ആസ്തി നഷ്ടപ്പെടും. അവിടെ ലൗകീക അച്ഛനിൽ നിന്ന് കുട്ടികൾ പരിധിയുള്ള ആസ്തി നേടുന്നു എന്നാൽ ഇവിടെ സൽപുത്രൻമാരായ കുട്ടികൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത ആസ്തി നേടുന്നു. ഇതിനെ ദുഃഖധാമമെന്ന് പറയുന്നു. ഇവിടെ നിങ്ങൾ സ്വർണ്ണം പോലും അണിയരുത് കാരണം നിങ്ങൾ ഇപ്പോൾ യാചകരാണ്. നിങ്ങൾക്ക് അടുത്ത ജൻമം പൂർണ്ണമായും സ്വർണ്ണം കൊണ്ടുള്ള കൊട്ടാരം ലഭിക്കും. രത്ന ജഡിതമായ കൊട്ടാരമായിരിക്കും. നാം ഇപ്പോൾ ബാബയിൽ നിന്ന് 21 ജൻമങ്ങളിലേക്കുള്ള ആസ്തി എടുക്കുന്നു എന്ന് നിങ്ങൾക്കറിയാം. ഞാൻ ഭക്തീമാർഗ്ഗത്തിൽ കേവലം ഭാവനയുടെ ഫലം നല്കുന്നു. ശ്രീകൃഷ്ണന്റെ ആത്മാവ് എവിടെയാണെന്ന് അവർക്കറിയില്ല. ഗുരുനാനാക്കിന്റെ ആത്മാവ് എവിടെയാണ്. ഇപ്പോൾ അവർ എല്ലാവരും പുനർ ജൻമം എടുത്ത് എടുത്ത് തമോപ്രധാനമായിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. അവർ സൃഷ്ടീചക്രത്തിന്റെ ഉള്ളിൽ തന്നെയാണ്, എല്ലാവർക്കും തമോപ്രധാനമാകണം. അന്ത്യത്തിൽ ബാബ വന്ന് വീണ്ടും എല്ലാവരേയും തിരിച്ച് കൂട്ടികൊണ്ട് പോകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ഇപ്പോൾ പവിത്രതയുടെ ചരട് കെട്ടണം. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് വികാരത്തിന്റെ വൃത്തികളെ പരിവർത്തനപ്പെടുത്തണം.

2) ബാബയുടെ ശ്രീമത്തനുസരിച്ച് നടന്ന് സൽപുത്രനാകണം. ജ്ഞാനാമൃതം കുടിക്കണം, കുടിപ്പിക്കണം. തന്നിൽ ജ്ഞാനത്തിന്റെ സുഗന്ധം ധാരണ ചെയ്ത് സുഗന്ധമുള്ള പുഷ്പമാകണം.

**വരദാനം:- യഥാർത്ഥ ഓർമ്മയിലൂടെയും സേവനത്തിന്റെയും ഡബിൾ ലോക്കിലൂടെ നിർവ്വിഘ്നമായി കഴിയുന്ന ഫീലിംങ്പ്രൂഫായി ഭവിക്കൂ**

മായക്ക് വരുന്നതിനുള്ള ഏതെല്ലാം വാതിലുകളാണോ ഉള്ളത് അവയ്ക്ക് ഓർമ്മയുടെയും സേവനത്തിന്റെയും ഡബിൾ ലോക്കിടൂ. അഥവാ ഓർമ്മയിലിരുന്നിട്ടും സേവനം ചെയ്തിട്ടും മായ വരുന്നുണ്ടെങ്കിൽ തീർച്ചയായും ഓർമ്മ അല്ലെങ്കിൽ സേവനത്തിൽ എന്തോ കുറവുണ്ട്. യഥാർത്ഥ സേവനം അതാണ് ഏതൊന്നിലാണോ യാതൊരു സ്വാർത്ഥതയും ഇല്ലാത്തത്. അഥവാ നിസ്വാർത്ഥ സേവനമല്ലെങ്കിൽ ലോക്ക് ദുർബലമാണ് ഒപ്പം ഓർമ്മയും ശക്തിശാലിയാരിക്കണം. ഇങ്ങനെയുള്ള ഡബിൾ ലോക്കുണ്ടെങ്കിൽ നിർവ്വിഘ്നമായിരിക്കും. പിന്നീട് എന്തുകൊണ്ട്, എന്ത് തുടങ്ങിയ വ്യർത്ഥ ഫീലിംങ്ങിൽ നിന്ന് ഉപരി ഫീലിങ് പ്രൂഫ് ആത്മാവായിരിക്കും.

**സ്ലോഗൻ:- സ്നേഹത്തിന്റെയും ശക്തിയുടെയും സന്തുലനം തന്നെയാണ് സഫലതയുടെ അനുഭൂതി ചെയ്യിപ്പിക്കുന്നത്.**

### മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

വാസ്തവത്തിൽ ജ്ഞാനം പ്രാപ്തമാക്കുക എന്നത് സെക്കന്റിന്റെ കാര്യമാണ് എന്നാൽ അഥവാ മനുഷ്യർ ഒരു സെക്കന്റിൽ മനസ്സിലാക്കുകയാണെങ്കിൽ അവർക്ക് തന്റെ സ്വധർമ്മത്തെ അറിഞ്ഞ് ഞാൻ യഥാർത്ഥത്തിൽ ശാന്ത സ്വരൂപനായ ആത്മാവാണ് പരമാത്മാവിന്റെ സന്താനമാണ് എന്ന് മനസ്സിലക്കാൻ കേവലം ഒരേഒരു സെക്കന്റാണെടുക്കുന്നത്. ഇപ്പോൾ ഇത് മനസ്സിലാക്കുക എന്നത് സെക്കന്റിന്റെ കാര്യമാണ് എന്നാൽ ഇതിൽ നിശ്ചയം വരുത്തുന്നതിൽ ഹഠയോഗത്തിന്റെയോ, ജപ-തപത്തിന്റെയോ ഏതെങ്കിലും പ്രകാരത്തിലുള്ള സാധന ചെയ്യുക, ഇതിന്റെയൊന്നും യാതൊരു ആവശ്യവുമില്ല, കേവലം യഥാർത്ഥത്തിലുള്ള തന്റെ രൂപത്തെ പിടിക്കൂ അതുമതി. ബാക്കി നമ്മൾ ഇത്രയും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നുണ്ട് അത് എന്തിന് വേണ്ടിയാണ്? ഇപ്പോൾ അതിൽ മനസ്സിലാക്കി തരികയാണ്, നമ്മൾ ഇത്രയും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത് അത് കേവലം ഇത്രയും കാര്യത്തിൽ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തന്റെ പ്രായോഗീക ജീവിതം ഉണ്ടാക്കണം, തന്റെ ഈ ശരീരബോധത്തിൽ നിന്നും പൂർണ്ണമായും പുറത്ത് വരണം. യഥാർത്ഥത്തിൽ ആത്മബോധത്തിൽ സ്ഥിതി ചെയ്യുക അല്ലെങ്കിൽ ദൈവീക ഗുണം ധാരണ ചെയ്യുന്നതിൽ അവശ്യം പരിശ്രമമുണ്ട്. ഇതിൽ നമ്മൾ ഓരോ നിമിഷവും, ഓരോ ചുവടിലും ജാഗ്രതയോടെ കഴിയുന്നു, ഇപ്പോൾ എത്രത്തോളം നമ്മൾ മായയിൽ നിന്ന് ജാഗ്രതയോടെ കഴിയുന്നോ എങ്കിൽ ഇനി എത്ര തന്നെ പരിസ്ഥിതികൾ മുന്നിൽ വന്നാലും നമ്മളെ എതിരിടാൻ സാധിക്കില്ല. മായ അപ്പോഴാണ് എതിരിടുന്നത് എപ്പോഴാണോ നമ്മൾ നമ്മളെ വിസ്മരിക്കുന്നത്, ഇപ്പോൾ ഇത്രയും ഉള്ള ഈ സമയം കേവലം പ്രായോഗീക ജീവിതം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്. ബാക്കി ജ്ഞാനം സെക്കന്റിന്റെ കാര്യമാണ്. ശരി-ഓം ശാന്തി.